## വഴിവെളിച്ചം

# അന്ത്യനാളിൽ ആദ്യം വിചാരണ ചെയ്യപ്പെടുന്നത്

عَن أَنس بن مَالِكٍ رَضِيَ اللهُ عَنْهُ قَالَ : قَالَ رَسُولُ اللهِ ﷺ أَوَّلُ مَا يُحَاسَبُ بِهِ العَبْدُ يَوْمَ الْقِيَامَةِ الصَّلَاةُ ، فَإِنْ صَلَحَتْ صَلَحَ سَائِرُ عَمَلِهِ وَإِنْ فَسَدَتْ فَسَدَ سَائِرُ عَمَلِهِ

**അനസുബ്നു മാലികി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "അന്ത്യനാളിൽ ദൈവദാസൻ ആദ്യമായി വിചാരണ ചെയ്യപ്പെടുന്നത് നമസ്കാരത്തെ കുറിച്ചായിരിക്കും; അതു ശരിയായാൽ മറ്റെല്ലാ കർമങ്ങളും ശരിയായി. അതു മോശമായാൽ മറ്റെല്ലാ കർമങ്ങളും മോശമായി"***

**ദീനിൽ** സർവപ്രധാനമായ നിർബന്ധ കർമമാണ് നമസ്കാരം. നമസ്കാരത്തെക്കാൾ വിശിഷ്ടമായ മറ്റൊരു കർമവും ദീനിൽ ഇല്ല. ദീനിന്റെ നിലനിൽപ്പ് തന്നെ നമസ്കാരവുമായി ബന്ധപ്പെട്ടാണ്. നബി(സ) പറഞ്ഞു: "കാര്യങ്ങളിൽ മുഖ്യമായത് ഇസ്‌ലാമാണ്; അതിന്റെ നെടുംതൂൺ നമസ്കാരവും" (തിർമുദി). "നമസ്കാരമില്ലാത്തവന് ദീനിൽ യാതൊന്നുമില്ല; എന്തുകൊണ്ടെന്നാൽ ശരീരത്തിൽ തലയുടെ സ്ഥാനമാണ് മതത്തിൽ നമസ്കാരത്തിന്" (ത്വബ്റാനി).

നമസ്കാരം ഉപേക്ഷിക്കൽ കടുത്ത ധിക്കാരമാണ്. അന്ത്യനാളിൽ അല്ലാഹുവിന്റെ കോപവും ശിക്ഷയും ക്ഷണിച്ചുവരുത്തുന്ന ഗുരുതരമായ അതിക്രമം. നബി(സ) പറഞ്ഞു: "നമസ്കാരമുപേക്ഷിക്കുന്നവൻ അന്ത്യനാളിൽ അല്ലാഹുവിനെ കണ്ടുമുട്ടുക കോപിഷ്ഠനായിട്ടായിരിക്കും" (ത്വബ്റാനി, ബസ്സാർ)." "ആർ അഞ്ചുനേരത്തെ നമസ്കാരം കൃത്യമായി പരിപാലിക്കുന്നുവോ, അവർക്കത് അന്ത്യനാളിൽ പ്രകാശവും തെളിവും രക്ഷയുമായിത്തീരും. ആർ അതിനെ സൂക്ഷിച്ചു പരിപാലിച്ചില്ലയോ, അവർക്ക് അന്ത്യനാളിൽ അത് പ്രകാശമോ തെളിവോ രക്ഷയോ ആവുകയില്ല. ഫിർഔൻ, ഖാറൂൻ, ഹാമാൻ, ഉബയ്യുബ്നു ഖലഫ് തുടങ്ങിയവരുടെ കൂടെയായിരിക്കും മഹ്ശറിൽ അവർ ഒരുമിച്ചു കൂട്ടപ്പെടുക" (അഹ്മദ്, ത്വബ്റാനി, ഇബ്നു ഹിബ്ബാൻ).

നമസ്കാരമുപേക്ഷിക്കുന്നത് ശിർക്കും കുഫ്റുമായിട്ടാണ് പ്രവാചകൻ പരിചയപ്പെടുത്തിയിട്ടുള്ളത്. "ഒരു വ്യക്തിയുടെയും ശിർക്ക്-കുഫ്റുകളുടെയും ഇടയിലുള്ള അതിർവരമ്പ് നമസ്കാരമുപേക്ഷിക്കലത്രെ" (മുസ്‌ലിം, അബൂദാവൂദ്, തിർമുദി). "വല്ലവനും മനഃപൂർവം ഒരു നമസ്കാരമുപേക്ഷിച്ചാൽ അവൻ പ്രകടമായ കുഫ്ർ പ്രവർത്തിച്ചവനായി" (ത്വബ്റാനി, ഇബ്നുമാജ). അബ്ദുല്ലാഹിബ്നു ശഖീഖ്(റ) പറയുന്നു: "നമസ്കാരമൊഴികെ മറ്റൊരു കർമവും ഉപേക്ഷിക്കുന്നത് കുഫ്റാണെന്ന് സ്വഹാബികൾക്ക് അഭിപ്രായമുണ്ടായിരുന്നില്ല" (തിർമുദി).

അന്ത്യനാളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുന്നത് നമസ്കാരത്തെകുറിച്ചായിരിക്കും. ദീനിൽ നമസ്കാരത്തിനുള്ള പ്രാധാന്യവും ഗൗരവവും എത്രത്തോളമാണെന്ന് ഗ്രഹിക്കാൻ ആദ്യം കൊടുത്ത നബിവചനം തന്നെ ധാരാളമാണ്. ഒരാൾ മറ്റൊരാളെ കണ്ടുമുട്ടുമ്പോൾ ഒന്നാമതായി അന്വേഷിക്കുന്ന കാര്യമേതാണോ, അതായിരിക്കുമല്ലോ അയാളുടെ നോട്ടത്തിൽ ഏറ്റവും പ്രധാനമായതും ഗൗരവമേറിയതും. ഏതൊരാളെക്കുറിച്ചും മറ്റൊരാൾക്ക് അനുകൂലമോ പ്രതികൂലമോ ആയ അഭിപ്രായങ്ങൾ ഉണ്ടാകുന്നത്, ആ വ്യക്തിയുമായുള്ള പ്രഥമ സംഭാഷണം എങ്ങനെയായിരുന്നോ അതനുസരിച്ചായിരിക്കും. ആദ്യ ചോദ്യത്തിന്റെ മറുപടി ചോദ്യകർത്താവിന് തൃപ്തികരമാണെങ്കിൽ, പിന്നീടുള്ള ചോദ്യങ്ങളിലും അന്വേഷണങ്ങളിലും മയവും അനുഭാവവും ആനുകൂല്യങ്ങളും പ്രതീക്ഷിക്കാം. വിചാരണ ലളിതവും എളുപ്പവുമായിരിക്കും. എന്നാൽ ആദ്യ ചോദ്യത്തിന്റെ മറുപടി തന്നെ ചോദ്യകർത്താവിനെ നിരാശപ്പെടുത്തുന്നതാണെങ്കിലോ? അപ്പോൾതന്നെ ഇരുവരും മാനസികമായി വളരെ അകലും. പിന്നീടുള്ള അന്വേഷണങ്ങളിൽ ഈ അകൽച്ച കൂടിക്കൂടി വരും. നമസ്കാരം ഉപേക്ഷിച്ചവന്റെ മറ്റു കർമങ്ങൾ എത്ര മികച്ചതായിരുന്നാലും അവ വിലമതിക്കപ്പെടാതെ പോകുന്നത് അതുകൊണ്ടാണ്. നബി(സ) പറഞ്ഞു: "അറിയുക, നിങ്ങളുടെ കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠകരമായ കർമം നമസ്കാരമാണ്" (ഇബ്നുമാജ, ഹാകിം), "നമസ്കാരം സ്വർഗത്തിന്റെ താക്കോലത്രെ" (അഹ്മദ്, ബൈഹഖി, ദാരിമി). അനസ്(റ) പറയുന്നു: നബി(സ) മരണാസന്ന നിലയിലായിരിക്കെ തന്റെ സമുദായത്തിന് നൽകിയ അന്ത്യവസിയ്യത്ത് ഇപ്രകാരമായിരുന്നു: "നിങ്ങൾ നമസ്കാരം സൂക്ഷിക്കുക; നിങ്ങൾ നമസ്കാരം സൂക്ഷിക്കുക; നിങ്ങളുടെ കീഴിലുള്ള ഭൃത്യജനങ്ങളെയും!" അനസ്(റ) തുടരുന്നു: "മരണവെപ്രാളം തൊണ്ടക്കുഴിയിലെത്തുകയും നാവ് പിടക്കുകയും ചെയ്യുന്നതുവരെ തിരുദൂതർ ഇതാവർത്തിച്ചുകൊണ്ടിരുന്നു!" (അഹ്മദ്, ഹാകിം, ബൈഹഖി, ഇബ്നു ഹിബ്ബാൻ). ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ത്വബ്റാനി, സുയൂത്വി, തുടങ്ങിയവർ ഉദ്ധരിച്ച ഈ നബിവചത്തിന്റെ നിവേദക പരമ്പര ഹസൻ ആണെന്ന് മുഹ്യുദ്ദീൻ ദീബ് മിസ്തു, സമീർ അഹ്ദുൽ അത്താർ, യൂസുഫ് അലി ബുദൈവി എന്നിവർ സാക്ഷ്യപ്പെടുത്തുന്നു.